# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.1900 08-03-2018-ലെ മറുപടിക്ക്

**ചോദ്യം**

ശ്രീ. കെ.സി. ജോസഫ്

**ഉത്തരം**

ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പണം ചെലവഴിക്കൽ**

| | | |
|---|---|---|
| (എ) | വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പണം ചെലവഴിച്ചില്ലെങ്കിൽ ഭാവി തലമുറ പ്രത്യാഘാതം അനുഭവിക്കേണ്ടിവരുമെന്ന് കണ്ടെത്തിയിട്ടുണ്ടോ ; | വരവിന്റെയും ചെലവിന്റെയും വളർച്ചാ നിരക്കിലുള്ള അന്തരം വർദ്ധിച്ചുവരുന്ന പ്രവണത കഴിഞ്ഞ അഞ്ച് വർഷമായി സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ട്. മൊത്തം റവന്യൂ വരുമാനം 7.7 ശതമാനം വർദ്ധിച്ചപ്പോൾ പദ്ധതി ചെലവ് 22 ശതമാനവും പദ്ധതിയിതര ചെലവ് 21 ശതമാനവും ഉയർന്നു. വരവിലും ചെലവിലും വരുന്ന ഈ അന്തരം അനുസ്യൂതം തുടരാനാവില്ല. പദ്ധതിപ്പണം സ്പെഷ്യൽ ട്രഷറി സേവിംഗ്സ് അക്കൗണ്ടുകളിലേയ്ക്ക് മാറ്റിയും പൂർത്തിയാകാത്ത പദ്ധതികൾ e-LAMS രജിസ്റ്ററിലേയ്ക്ക് രേഖപ്പെടുത്തി യുമാണ് പ്രധാനമായും മുകളിൽ പ്രതിപാദിച്ച ധനപ്രതിസന്ധി പരിഹരി ച്ചിരുന്നത്. ടി പ്രവണത അഭിലഷണീയമല്ല. കൂടാതെ ധനക്കമ്മിയും റവന്യൂ കമ്മിയും അനുവദനീയമായ പരിധിയിൽ നിലനിർത്തു വാൻ സർക്കാർ ബാദ്ധ്യസ്ഥവുമാണ്. മേൽ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ ആകെ ചെലവുകൾ അനുവദനീമായ വായ്പ ഉൾപ്പെടെയുള്ള വരുമാനത്തിനകത്ത് നിർത്തുന്നതിന് കർശനമായ സാമ്പത്തിക അച്ചടക്കം അനിവാര്യമാണ്. |
| (ബി) | വായ്പയെടുക്കുന്ന തുകയുടെ എത്ര ശതമാനമാണ് ശമ്പളം, പെൻഷൻ തുടങ്ങിയ ആവർത്തന ചെലവിനങ്ങളിൽ ഓരോ വർഷവും ചെലവാകുന്നത് ; | വായ്പയെടുക്കുന്ന മുഴുവൻ തുകയും കൊൺസോളിഡേറ്റഡ് ഫണ്ടിലാണ് വകയിരുത്തുന്നത്. ആയതിനാൽ വായ്പയെടുക്കുന്ന തുകയുടെ ചെലവ് പ്രത്യേകം അറിയാൻ കഴിയില്ല. |

| | | |
|---|---|---|
| (സി) | വരും വർഷങ്ങളിൽ ചെലവ് 2.5 ശതമാനത്തിൽനിന്നും 1.67 ശതമാനമായി കുറയ്ക്കുന്നതിന് ഉദ്ദേശിച്ച് നടപ്പിലാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ? | 2016-17-ലെ റവന്യൂ കമ്മി 2.5% ആയിരുന്നു. 2017-18-ൽ ഇത് 1.91% ആയും 2018-19-ൽ 1.66% ആയും നിജപ്പെടുത്തുന്നതിലേയ്ക്ക് പ്രധാനമായും കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്ന നടപടികൾ ഇവയാണ് :<br>(i) അത്യന്താപേക്ഷിതമായ ഘട്ടങ്ങളിൽ വർക്ക്സ്റ്റഡി നടത്തിയതിനു ശേഷമേ തസ്തികകൾ സൃഷ്ടിക്കുകയുള്ളൂ. കൂടാതെ പുനർ വിന്യാസത്തിനുള്ള സാധ്യതകൾകൂടി പരിശോധിച്ച ശേഷമായിരിക്കും തസ്തികകൾ അനുവദിക്കുക.<br>(ii) നിലവിലുള്ള ഗ്രാൻഡ്-ഇൻ-എയ്ഡ് സ്ഥാപനങ്ങളുടെ പെർഫോമൻസ് ഓഡിറ്റ് നടത്തുന്ന കാര്യം സർക്കാർ ഉദ്ദേശിക്കുന്നു. കർശനമായ പരിശോധനയ്ക്കുശേഷമേ ഇത്തരത്തിലുള്ള പുതിയ സ്ഥാപനങ്ങൾ അനുവദിക്കുകയുള്ളൂ.<br>(iii) സർക്കാർ വകുപ്പുകളിൽ വാഹനങ്ങളുടെ രജിസ്റ്ററുണ്ടാക്കി ഓരോ വർഷവും വാഹനങ്ങളുടെ എണ്ണം കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. വാഹനം വാങ്ങാനുള്ള അനുമതി ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളിലായി പരിമിതപ്പെടുത്തും. പതിനാല് ലക്ഷത്തിൽ കൂടുതൽ വിലയുള്ള കാറുകൾ നിരുത്സാഹപ്പെടുത്തും.<br>(iv) അത്യാവശ്യ സാഹചര്യത്തിൽ മാത്രമേ വിദേശ യാത്രകൾ അനുവദിക്കുകയുള്ളൂ. വീഡിയോ കോൺഫറൻസ് സംവിധാനം ഉപയോഗപ്പെടുത്തി യാത്രാചെലവുകൾ കുറയ്ക്കുന്നതിന് ക്രിയാത്മകമായ നടപടികൾ സർക്കാരിന്റെ ആലോചനയിലാണ്. |

അക്കൗണ്ട്സ് ഓഫീസർ